ജിഎച്ച്എസ്എസ് കരൂപ്പടന്ന

ലിറ്റിൽ കൈറ്റ്സ് 2019-20

അവതരിപ്പിക്കുന്ന

ഡിജിറ്റൽ മാഗസിൻ

# മയൂരം

സന്ദേശം

ബഹുമാനപ്പെട്ട കേരളസർക്കാരിന്റെ
പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ
ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരാൻ
ഭാഗ്യം ലഭിച്ച നമ്മുടെ വിദ്യാലയം ....
ഒപ്പം ശതാബ്ദിയിലേക്ക് കാലൂന്നുന്ന നമ്മുടെ വിദ്യാലയം ...
ജി എച് എസ് എസ് കരുപ്പടന്ന ...
ഈ മികവിന്റെ കേന്ദ്രത്തിലെ ഒരു വിഭാഗമായ
ലിറ്റിൽ കൈറ്റ്സ്
തയ്യാറാക്കുന്ന ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ ആയ
മയൂരത്തിനു എന്റെയും മറ്റു അദ്ധ്യാപകരുടെയും സ്നേഹവും
പിന്തുണയും നൽകുന്നതോടൊപ്പം എല്ലാ ആശംസകളും ..

സ്നേഹപൂർവ്വം
ഹെഡ്മിസ്ട്രസ്

സമർപ്പണം

മയൂരം

മലയാളികളുടെ ഓർമ്മകളിൽ ഇന്നും, എന്നും ഒളിമങ്ങാതെ നിൽക്കുന്നു. ഒരു നാമധേയമാണ് ശ്രീ. വൈക്കം മുഹമ്മദ് ബഷീർ. മലയാള സഹിത്യ ലോകത്തിന് ഒരു പുതിയ മാനം നൽകിയ എഴുത്തുക്കാരനാണ് അദ്ദേഹം. അദ്ദേഹത്തിൻെറ ജന്മദിനം ആഘോഷിക്കുന്ന ഈ മാസത്തിൽ ജി. എച്. എസ്. എസ്. കരു പ്പടന്ന ലിറ്റിൽ കൈറ്റ്സ് അംഗംങ്ങൾ തയ്യാറാക്കുന്ന "മയൂരം" എന്ന ഡിജിറ്റൽ മാഗസിൻ ആ മഹാനുബാവൻെറ ഓർമക്കു മുന്നിൽ സസ്നേഹം, സവിനയം ഞങ്ങൾ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ലിറ്റിൽ കൈറ്റസ് ക്ലബ് അംഗങ്ങൾ

## എഡിറ്റോറിയൽ മയൂരം

ജി. എച്ച്. എസ്. എസ് കരൂപ്പടന്ന
പൈതൃകമുറങ്ങുന്ന മുസിരിസിൻെറ മണ്ണിൽ പഴമയുടെ
പാരമ്പര്യവും കരുത്തും ചോർന്നു പോകാതെ കാത്തു
സൂക്ഷിച്ച നമ്മുടെ വിദ്യാലയം. 1924 ൽ പരിമിതമായ
സൗകര്യങ്ങളിൽ ഒരു ലോവർ
പ്രൈമറി സ്ക്കൂൾ ആയി തുടങ്ങി പിന്നീട് ഘട്ടം ഘട്ടമായ
വളർച്ചയിലൂടെ പ്ലസ്ടു വരെ എത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയ
മുത്തശ്ശി. ഇന്ന് സമൂഹത്തിൻെറ വിവിധ തുറകളിൽ പ്രശസ്തരായ
അനേകം വിശിഷ്ട
വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിൽ വലിയ പങ്കു
വഹിച്ച നമ്മുടെ വിദ്യാലയം. അന്തരിച്ച മുൻ മന്ത്രി
ശ്രീ. വി കെ രാജൻ അതിൽ ഒരാൾ മാത്രം. നമ്മുടെ
വിദ്യാലയം ഇന്ന് വളർച്ചയുടെ ഉന്നതിയിൽ എത്തി
നിൽക്കുകയാണ്. ബഹുമാനപ്പെട്ട കേരള സർക്കാ
റിൻെറ പൊതു വിദ്യാഭാസ സംരക്ഷണ യജ്ഞത്തി
ൻെറ ഭാഗമായി മികവിൻെറ കേന്ദ്രങ്ങളായി മാറുന്ന
വിദ്യാലയങ്ങളുടെ കൂട്ടത്തിൽ നമ്മുടെ വിദ്യാലയവും
ഉൾപ്പെട്ടത് ഏറെ ശ്ലാഘനീയമായ ഒന്ന് തന്നെയാ
ണ്. സഞ്ചരിച്ചതിൽ ഏറെ ദൂരം നമുക്ക് ഇനിയും മുന്നോട്ട്
പോകെണ്ടതുണ്ട്. പിന്നിട്ട വഴികളിലെ ഊർ
ജ്ജവും കരുത്തും ചോർന്നു പോകാതെ നമ്മുടെ വിദ്യാ ലയത്തെ
ഇനിയും ഉയരങ്ങളിൽ എത്തിക്കുന്നതിന്
നല്ലവരായ നാട്ടുകാരുടെ സ്നേഹവും, പിന്തുണയും, സ
ഹകരണവും ഏറെ ആവിശ്യമായ സമയമാണിത്.
നിറഞ്ഞ പ്രതീക്ഷയോടെ, ഏറെ അഭിമാനത്തോടെ
നമ്മുടെ വിദ്യാലത്തിൻെറ ഈ വർഷത്തെ കുറച്ചു മി
കവുകൾ നിങ്ങൾക്കായി...
സമർപ്പിക്കുന്നു...
സ്നേഹപൂർവ്വം...എഡിറ്റർ...

**പ്രധാനപ്പെട്ട സ്കൂൾ പ്രവർത്തനങ്ങൾ**

## പ്രവേശനോൽസവം

വെള്ളാംകല്ലൂർ ബ്ലോക്ക് തല പ്രവേശനോൽസവം കരൂപ്പടന്ന ഗവ.ഹയർ സെക്കണ്ടറി സ്ക്കൂളിൽ നടന്നു. പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി ആരംഭിച്ച കുട നിർമ്മാണ യൂണിറ്റിൽ പൂർവ്വ വിദ്യാർത്ഥി സംഘടനകളായ തിരുമുറ്റം , മിളനം എന്നിവയുടെ നേതൃത്വത്തിൽ നിർമ്മിച്ച കുടകൾ അഞ്ച് , എട്ട് ക്ലാസ്സുകളിൽ പുതിയതായി പ്രവേശനം നേടിയ കുട്ടികൾക്ക് നൽകിയത് ചടങ്ങിന് മാറ്റ് കൂട്ടി .





## പരിസ്ഥിതിദിനാചരണം

പരിസ്ഥിതി സൗഹൃതമായ ഒരു സ്ക്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതും
അത് പരിപോഷിപ്പിക്കുന്നതും സ്ക്കൂളിന്റെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.
പ്രവേശനോത്സവം ജൂൺ 6 ന ആയതിനാൽ അന്നേ ദിവസം പരിസ്ഥിതി ദിനാചരണം വളരേ





വിപുലമായിത്തന്നെ സ്ക്കൂളിൽ നടന്നു.
കുട്ടികൾക്കായി വനം വകുപ്പ് എത്തിച്ചു തന്ന വൃക്ഷതൈകളുടെ വിതരണവും നടന്നു.

ശ്രദ്ധ

**ക്ലാസ് മുറികളിൽ വേണ്ടത്ര ശ്രദ്ധയും പരിഗണനയും കിട്ടാത്തതുകൊണ്ടും സാമൂഹിക ഗാർഹിക പശ്ചാത്തലത്തിലെ പരിമിതികൾ കൊണ്ടും പഠനവേഗത പഠനരീതി എന്നിവയിലുള്ള വത്യാസംകൊണ്ടുമൊക്കെ പിന്തുണ ആവശ്യമുള്ള കുട്ടികളുണ്ട്. ഇവരെ കണ്ടെത്തി, ശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാന ധാരണകളും, പ്രക്രിയാശേഷികളും വികസിപ്പിക്കുന്നതിനും , ശാസ്ത്ര പഠനത്തിനുള്ള താൽപര്യം വളർത്തുന്നതിനും വേണ്ടിയാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. 8 9 10 ക്ലാസുകളിൽ പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**

**ഗണിതവിജയം**

കുട്ടികൾക്ക് ചതുഷ്ക്രിയകൾ എളുപ്പമാകുന്നതിനും, ഭിന്ന സംഖ്യകളുടെ



പഠനം, കോണുകൾ അളക്കുന്നതിനും വരയ്ക്കുന്ന തിനും സഹായിക്കുന്ന തരത്തിലുള്ള പഠനോപകരണങ്ങളുടെശില്പശാല നടത്തി

## സുരീലി ഹിന്ദി

ആറാം ക്ളാസുകാർക്കായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ സുരീ ലി ഹിന്ദി എന്ന പദ്ധതി വളരെ ഉപകാരപ്രദമായിരുന്നു. ഹിന്ദി




പുസ്തകത്തോട് വിമുഖത കാണിക്കുന്ന കുട്ടികൾ പോലും സുരീലി ഹിന്ദിയുടെ ക്ളാസിൽ വളരെ താൽപര്യത്തോടെ പങ്കെടുത്തു. കഥകളുടെ വീഡിയോകളും കവിതകളുടെ ദൃശ്യാവിഷ്കാരവും നാടക അഭിനയവും കുട്ടികൾ രസകരമായി ഏറ്റെടുത്തു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഹിന്ദി പഠനത്തിലേക്ക് മികവുയർത്താൻ സുരീലി ഹിന്ദി വളരെ പ്രയോജനകരമായി.

## ഫീൽഡ് ട്രിപ്പ്

ചന്ദ്രയാൻ ii നു വേണ്ടി ഫ്ലക്സ് സീൽ നിർമിച്ച വജ്ര റബ്ബർ പ്ലാന്റിലേക്ക് ഒരു ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. കുട്ടികൾക്കു വേറിട്ട അനുഭവമായ അത് വളരെ മികച്ച രീതിയിൽ നടപ്പാക്കി. isro ശാസ്ത്രജ്ഞന്മാരോട് കുട്ടികൾ സംശയങ്ങൾ ചോദിച്ച് മനസിലാക്കി.



## ബഷീർ ദിനം



ബഷീർ ദിനം വളരെ മികച്ച രീതിയിൽ നടന്നു.

മത്സരങ്ങളോടൊപ്പം ബഷീർ കഥാപാത്രങ്ങളുടെ അവതരണവും ഉണ്ടായിരുന്നു. ബഷീർ ക്വിസ് രചന മത്സരങ്ങൾ എന്നിവ നടത്തി.

## വായനാദിനം

വായനാദിനാചരണത്തിന്റെ ഭാഗമായി പുസ്തകപ്രദര്ശനം ക്വിസ്




രചനാമത്സരങ്ങൾ എന്നിവ നടത്തി.

# കെ വിഷൻ ചാനൽ ഉദ്ഘാടനം

കെ വിഷൻ എന്ന പേരിൽ സ്ക്രൂളിൽ ഒരു ചാനൽ ആരംഭിച്ചു. സ്ക്രൂൾ പ്രവർത്തനങ്ങൾ പോതുജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഉദ്ദേശം , കുട്ടികൾ തന്നെയാണ് ഈ ചാനലിലെ അവതാരകരും മറ്റു പിന്നണി പ്രവർത്തകരും.സ്ക്രൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹകരണത്തോടെയാണ് എഡിറ്റിങ് നടത്തിവരുന്നത് . ഈ ചാനലിനെ കുട്ടികൾ വളരെ ഉത്സാഹത്തോടെയാണ് ഏറ്റെടുത്തത്







9.ചാന്ദ്ര ദിനാചരണം

ചന്ദ്ര ദിനാചരണം വളരെ മികച്ച രീതിയിൽ നടന്നു. കുട്ടികൾക്കായി റോക്കറ്റ് നിർമാണ മത്സരം സംഘടിപ്പിച്ചു. തുടർന്ന് കുട്ടികളുടെ നേതൃത്വത്തിൽ ഒരു പ്രതീകാത്മക റോക്കറ്റ് വിക്ഷേപണം നടത്തിയത് ഒരു നല്ല അനുഭവമായി.

# ചാന്ദ്ര ദിനാചരണം

**ചന്ദ്ര ദിനാചരണം വളരെ മികച്ച രീതിയിൽ നടന്നു. കുട്ടികൾക്കായി റോക്കറ്റ് നിർമാണ മത്സരം സംഘടിപ്പിച്ചു. തുടർന്ന് കുട്ടികളുടെ നേതൃത്വത്തിൽ ഒരു പ്രതീകാത്മക റോക്കറ്റ് വിക്ഷേപണം നടത്തിയത് ഒരു നല്ല അനുഭവമായി.**



സ്കൂൾ തല ശാസ്ത്രമേള

**സ്കൂൾ തല ശാസ്ത്രമേള അതി മനോഹരമായി നടന്നു. കുട്ടികളുടെ പങ്കാളിത്തംകൊണ്ട് സമ്പന്നമായ മേളയിൽ വ്യത്യസ്തമായ നിർമാണ പ്രവർത്തനങ്ങളും അവതരണവും നടന്നു.**





## ഒപ്പം ഒപ്പത്തിനൊപ്പം

**( ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതി)**






**ശാരീരിക വൈകല്യങ്ങൾ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് മാനസിക പിന്തുണ നൽകുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനായി വിവിധ പരിപടികൾ**

## മോട്ടിവേഷൻ ക്ലാസ്

**കുട്ടികൾക്ക് പ്രായോഗിക ജീവിതത്തിൽ പരിശീലനം സിദ്ധിക്കുന്നതിനും മാനസികമായ ധൈര്യം നേടുന്നതിനും ഒരു പരിശീലന ക്‌ളാസ് നടത്തി**




മെറിറ്റ് ഡേ

**എല്ലാ മേഖലകളിലും മികവ് പുലർത്തിയ കുട്ടികളെ ആദരിക്കുന്ന ഒരു ചടങ്ങ് സംഘടിപ്പിച്ചു. 100 % വിജയം നേടിയ കുട്ടികൾ**




**ഉൾപ്പെടെ വിവിധ മേഖലകളിലെ കുട്ടികൾക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു**

# OSA പ്രവർത്തനങ്ങൾ

**സ്ക്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹത്തിന് വൈവിധ്യമാർന്ന ഇടപെടലുക്കൾ നടത്താനാകും ഇതിനായി പൂർവ്വ വിദ്യാർത്ഥി അധ്യാപക ക്രൂട്ടായ്മകൾ പ്രയോജന പെടുത്തി വരുന്നു**



# ലഹരിവിരുദ്ധ ദിനം

**ലഹരി വിരുദ്ധ ബോധവത്കരണം വളരെ മികച്ച രീതിയിൽ നടന്നു. രക്ഷിതാക്കൾക്ക് ഒരു ക്ലാസും സംഘടിപ്പിച്ചു. ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനും അവക്കെതിരായ മനോഭാവം വളർത്തി എടുക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു ശിശുസൗഹാര്ദപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക. സ്കൂളിൻറെ സുപ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്.**



# കൗമാരദിനം

ശരീരം പൂച്ചെടിയെങ്കിൽ അതിൽ പൂമൊട്ടുകൾ വിരിയാനൊരുങ്ങുന്ന  കാലമാണ് കൗമാരം. ഒരുപാട് അപകടങ്ങളും ചതിക്കുഴികളും ഒളിഞ്ഞിരിക്കുന്ന പാതയിലൂടെയാണ് ആ രൂപപ്പെടൽ സംഭവിക്കുന്നത്. കൗമാരത്തിന്റെ തിടുക്കത്തിലും ആവാസത്തിലും സംഭവിച്ചു പോകുന്ന കൈപ്പിഴകൾ പിന്നീട് ജീവിതം മുഴുവൻ പേറേണ്ട ദുരന്തങ്ങളായിമാറാം. ഡിജിറ്റൽ ലോകവും ഇന്റർനെറ്റും ഇതിനു ആക്കം കൂട്ടുന്നു. ഈ കാര്യങ്ങൾ കുട്ടികളെ ബോധവത്കരിക്കുന്നതിനായി കൗമാര ദിനത്തിൽ അധ്യ. എൻ കെ ശശിയുടെ നേതൃത്വത്തിൽ പോക്സോ നിയമത്തെപ്പറ്റിയും നവ മാധ്യമങ്ങളുടെ ദുരുപയോഗത്തെപ്പറ്റിയും ക്ലാസ് നടത്തുകയുണ്ടായി. തുടർന്ന് സ്കൂൾ കൗൺസിലറുടെ നേതൃത്വത്തിൽ മയിൽപീലി മാസികയുടെ പ്രകാശനവും നടന്നു.





**ഹിരോഷിമ ദിനം**

**ഹിരോഷിമ ദിനത്തിന്റെ ഭാഗമായി യുദ്ധവിരുദ്ധ റാലി , പ്രതിജ്ഞ , സഡാക്കോ കൊക്കുകളുടെ നിർമാണം എന്നിവ നടന്നു.**



# അമ്മമാർക്കുള്ള ബോധവത്ക്കരണം

ജൂലൈ 6 തിയതി ശനിയാഴ്ച്ച രാവിലെ 10 മണിക്ക് ഇരിങ്ങാലക്കുട വനിതാ പോലീസ്റ്റേഷനിലെ SI ഗീതാ മാഡവും മറ്റു വനിതാ പോലീസ് സുഹൃത്തുകളും അമ്മമാരുമായി സംവദിക്കാൻ എത്തി ചേർന്നു. അമ്മമാരെന്ന നിലയിൽ മാറുന്ന കാലഘട്ടത്തിൽ ആശങ്കകളും ,സംശയങ്ങളും അവരുമായി പങ്കുവെച്ചു





**നാടിനൊപ്പം ഞങ്ങളും**

**പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി സ്കൂളിലെ കുട്ടികൾ ഒത്തുചേർന്ന് വിഭവ സമാഹരണം നടത്തുകയും വിതരണം ചെയ്യുകയും ചെയ്തു. സമീപസ്കൂളുകളിലെ കുട്ടികൾക്കും ദിരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു.**



# ഒരുമ 2019

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹാര്ദത്തിന്റെയും സന്ദേശം ഉയർത്തിക്കൊണ്ട് വിവിധ പൂർവ വിദ്യാർത്ഥി സംഘടനകളുടെ സഹകരണത്തോടെ ഈ വർഷത്തെ ഓണാഘോഷം ഏറെ വ്യത്യസ്തമായി." നാടിന്റെ നന്മക്കായി നമുക്ക് കൈകോർക്കാം" എന്നതായിരുന്നു ഈ വർഷത്തെ ഓണാഘോഷത്തിന്റെ ആപ്തവാക്യം .പ്രളയദുരിത ബാധിതരെ സഹായിക്കുന്നതിനായി ദുരിതാശ്വാസ പെട്ടി സ്ഥാപിക്കുകയും ഫണ്ട് സമാഹരിക്കുകയും ചെയ്തു. തുടർന്ന് വിവിധ നാടൻ കളികൾ കുട്ടികളെ പരിചയപ്പെടുത്തി. കുട്ടികൾക്കായി പൂർവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിഭവൽസമൃദ്ധമായ സദ്യ ആണ് ഒരുക്കിയത്.



# ജൂനിയർ റെഡ് ക്രോസ്സ്

**കഷ്ടപ്പെടുന്നവരെ സഹായിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സംഘടനയാണ് റെഡ് ക്രോസ്- നമ്മുടെ സ്കൂളിൽ റെഡ് ക്രോസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു കൊണ്ട് നമുക്കും ഈ വലിയ സംഘടനയുടെ ഒരു ഭഗമാകാൻ കഴിഞ്ഞു . വിദ്യാർത്ഥികളിൽ സേവന മനോഭാവവും, ആതുരശുശ്രൂഷാ താൽപര്യവും വളർത്തിയെടുക്കുന്നതിൽ JRC യൂണിറ്റ് പ്രവർത്തനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകും .ഇത്തരത്തിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ നാളെ സമൂഹത്തിന് നൻമയാർന്ന മാതൃകയാവും, കരുപ്പടന്നയുടെ അഭിമാനമാകും തീർച്ച.**



# നന്ദി




## ലിറ്റിൽ കൈറ്റ്സ്

## 2019-20